# ‘വിശ്വാസത്താലുള്ള നീതീകരണം’

## ഗലാത്യർ 2:16

‘എന്നാൽ യേശുക്രിസ്തുവിലുള്ള വിശ്വാസത്താലല്ലാതെ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ മനുഷ്യൻ നീതികരിക്കപ്പെടുന്നില്ല എന്നു അറിഞ്ഞിരിക്കകൊണ്ടു നാമും ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാലല്ല ക്രിസ്തുവിലുള്ള വിശ്വാസത്താൽ തന്നേ നീതീകരിക്കപ്പെടേണ്ടതിന്നു ക്രിസ്തുയേശുവിൽ വിശ്വസിച്ചു.’

നമ്മുടെ നീതിയായ ദൈവം കർത്താവായ യേശുക്രിസ്തുവാകുന്നുവെന്ന് ഈ തിരുവെഴുത്തുകൾ വ്യക്തമാക്കുന്നു. നാം എല്ലാവരും ഒരുപോലെ ശാപത്തിൻ കീഴായിരുന്നുവെന്നും അതിൽനിന്നും കർത്താവായ യേശുക്രിസ്തു തന്റെ രക്തത്താൽ നമ്മെ വില കൊടുത്തു വാങ്ങി സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ മക്കളായി തീർത്തു എന്നുള്ള മഹാപദവിയെ പലപ്പോഴും നാം വേണ്ടുംവണ്ണം ഗ്രഹിക്കാതെ പോകുന്നു. ആ കർത്താവിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കുന്ന ഏവനെയും നീതീകരിക്കുന്നവനാണ് നമ്മുടെ ദൈവം.

അബ്രഹാം വിശ്വാസികളുടെ പിതാവ് എന്നാണല്ലോ അറിയപ്പെടുന്നത്. വാദ്ഗത്തം ചെയ്ത ദൈവത്തിലുണ്ടായിരുന്ന ഉറച്ച വിശ്വാസമാണ് അബ്രഹാമിനെ നീതീകരിക്കപ്പെടുവാൻ തക്കവണ്ണം ഇടയാക്കിയത്. അതുപോലെയുള്ള ഒരു ഉറച്ച വിശ്വാസം ഇന്ന് നമ്മിലുമുണ്ടോ എന്ന് നാം വാസ്തവമായി പരിശോധിക്കേണ്ടതാകുന്നു. ക്രിസ്തുവിനെ അംഗീകരിച്ച നാം ഒരിക്കലും ഇനി പിശാചിന്റെ അടിമകളല്ല എന്ന സത്യം മറന്നുപോകരുത്. എന്നാൽ ഇന്നും നമ്മൾ ദൈവത്തിന്റെ നന്മകൾ പൂർണ്ണമായി പ്രാപിക്കുവാൻ കഴിയാത്തവരാണോ? അങ്ങനെയെങ്കിൽ കർത്താവിന്റെ രക്ഷയെക്കുറിച്ച് നാം വേണ്ടുംവണ്ണം മനസ്സിലാക്കിയിട്ടില്ല എന്നുതന്നെ പറയാം.

ഏകന്റെ ലംഘനത്താൽ മരണം മാനവരാശിയെ മുഴുവനും കടന്നുപിടിച്ചിരിക്കുന്നു എന്ന പച്ചയായ സത്യം എല്ലാ മനുഷ്യരും മനസ്സിലാക്കേണ്ടതാണ്. എന്നാൽ ഒടുക്കത്തെ ആദാമാകുന്ന നമ്മുടെ കർത്താവിന്റെ ക്രൂശുമരണം നിത്യമായ മരണത്തിൽ നിന്നും നമ്മെ നിത്യജീവനിലേക്ക് നയിക്കുന്നതാണ് എന്നുള്ള സത്യം പലരും അറിയാതെയും അറിഞ്ഞിട്ടും വിശ്വസിക്കാതെയും ഇരിക്കുന്നുവല്ലോ.

ദൈവത്തിന്റെ മഹാകൃപയാൽ നാം രക്ഷിക്കപ്പെട്ടുവെന്നും നമ്മുടേതായ ഒരു പ്രവൃത്തിയും അതിന് നിദാനമായി തീർന്നിട്ടില്ല എന്നും വചനം നമ്മെ പഠിപ്പിക്കുന്നുവല്ലോ. അതുകൊണ്ട് യേശുവിന്റെ രക്തത്താൽ നീതീകരിക്കപ്പെട്ട ഓരോ ദൈവപൈതലിനും

ധൈര്യത്തോടെ കൃപാസനത്തോട് അടുത്തു ചെല്ലുവാൻ ദൈവം അനുവാദം തന്നിരിക്കുന്നു. ഇന്ന് നമ്മെ കുറ്റപ്പെടുത്തുകയോ തളർത്തുകയോ ചെയ്യുന്ന ഏത് പ്രശ്നത്തിനുമുള്ള പരിഹാരം കർത്താവ് ക്രൂശിൽ നേടിയ ജയത്തിലൂടെ നമുക്ക് ലഭിച്ചു കഴിഞ്ഞിരിക്കുകയാണ്.

ആയതിനാൽ നാം എന്തു ചെയ്യേണം റോമർ 10:8 ഇപ്രകാരം എഴുതിയിരിക്കുന്നുവല്ലോ: 'വചനം നിനക്കു സമീപമായി നിന്റെ വായിലും നിന്റെ ഹൃദയത്തിലും ഇരിക്കുന്നു' ജീവന്റെ വചനങ്ങൾ നമ്മുടെ ദൈനംദിന ജീവിതത്തിൽ നാം ഹൃദയംകൊണ്ട് വിശ്വസിച്ച് വായ്കൊണ്ട് ഏറ്റുപറയുന്നുവെങ്കിൽ നമ്മുടെ സകല പ്രശ്നങ്ങളും പരിഹരിക്കപ്പെടുക തന്നെ ചെയ്യും. നമുക്കുവേണ്ടുന്ന വചനങ്ങൾ കണ്ടെത്തി നാം അവയെ പ്രസ്താവിക്കേണ്ടതാകുന്നു. ദുഷ്ടന്റെ എല്ലാ പദ്ധതികളെയും ജയിക്കുവാൻ കർത്താവായ യേശുവിലൂടെ നീതീകരിക്കപ്പെട്ട ഒരു ദൈവപൈതലിന് ഇടയായിത്തീരും. അതിനായി ദൈവം നമ്മെ ഏവരെയും സഹായിക്കുമാറാകട്ടെ.

പരാമർശം :

**റോമർ 1:17**

'അതിൽ ദൈവത്തിന്റെ നീതി വിശ്വാസം ഹേതുവായും വിശ്വാസത്തിന്നായിക്കൊണ്ടും വെളിപ്പെടുന്നു. 'നീതിമാൻ വിശ്വാസത്താൽ ജീവിക്കും' എന്നു എഴുതിയിരിക്കുന്നുവല്ലോ.'

**സങ്കീർത്തനങ്ങൾ 97:12**

'നീതിമാന്മാരേ, യഹോവയിൽ സന്തോഷിപ്പിൻ; അവന്റെ വിശുദ്ധനാമത്തിന്നു സ്തോത്രം ചെയ്‌വിൻ.'

## സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 037